ഉത്തരം

(എ-ജി) വിവരം ശേഖരിച്ചു നല്കുന്നതാണ്.

കേരള യൂണിവേഴ്സിറ്റിയുടെ എൽ. ഡി. ടൈപ്പിസിറ്റ് റാങ്ക് ലിസ്റ്റ്

114 (2991) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള യൂണിവേഴ്സിറ്റി എൽ. ഡി. ടൈപ്പിസിറ്റ് തസ്തികയിലേക്ക് എന്നാണ് ടെസ്റ്റും ഇന്റർവ്യൂവും നടത്തിയത് ;

(ബി) ഇതിന്റെ റാങ്കുലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിൽ നിന്നും എത്ര പേരെ നിയമിച്ചിട്ടുണ്ട് ;

(സി) ഈ നിയമനങ്ങളിൽ സംസ്ഥാനത്ത് നിലവിലുള്ള കമ്മ്യൂണൽ റൊട്ടേഷൻ വ്യവസ്ഥ പാലിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തു മാനദണ്ഡമനുസരിച്ചാണ് നിയമനം നടത്തിയത് ;

(ഡി) ഈ ലിസ്റ്റിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നത് ;

(ഇ) ഇപ്പോൾ യൂണിവേഴ്സിറ്റിയിൽ എൽ. ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ എത്ര വേക്കൻസി നിലവിലുണ്ട് ;

(എഫ്) റാങ്ക് ലിസ്റ്റിൽ ഒ. ബി. സി. വിഭാഗത്തിൽപ്പെടുന്ന ശ്രീമതി ഓമന. എസ്, താഴെ വിളാകത്ത് വീട്, അഴൂർ, ചിറയിൻകീഴ്-ന് എന്നതേക്ക് നിയമനം നൽകാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 1995 മാർച്ച് 20 മുതൽ 27 വരെയുള്ള ദിവസങ്ങളിൽ ടെസ്റ്റും, 10-9-1997 മുതൽ 15-10-1997 വരെയുള്ള ദിവസങ്ങളിൽ ഇന്റർവ്യൂവും നടത്തി.

(ബി) പ്രസിദ്ധീകരിച്ചിട്ടുണ്ട്. 20 പേരെ താല്ക്കാലികാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) 2000 നവംബർ 14-ന്

(ഇ) 35 ഒഴിവുകൾ

(എഫ്) ലിസ്റ്റിൽ നിന്നും 5 പേരെ നിയമിക്കുവാൻ എമ്പവേർഡ് കമ്മിറ്റി അനുവദിച്ചിട്ടുണ്ട്. ഇനി 4 പേരെ കൂടി നിയമിക്കുവാൻ അനുവദിച്ചാൽ പ്രസ്തുത ഉദ്യോഗാർത്ഥിക്ക് നിയമനം ലഭിക്കുമെന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly